"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ.വിശാഖ് കോണത്ത്, ക്ലർക്കായിരുന്ന ശ്രീ.രജി സി.ആർ എന്നിവർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ്ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 2077/2025, OA 2076/2025 എന്നിവയിന്മേലുള്ള 01/12/2025-ലെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2406/2026/GEDN തീയതി,തിരുവനന്തപുരം, 28-03-2026

---

പരാമർശം:-
1. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 29/10/2024, 09-09-2025 തീയതികളിലെ ഡിജിഇ/20371/2024-വിഎ2 നമ്പർ കത്ത്
2. 17/10/2025-ലെ ഡിഎ1/184/2024/പൊ.വി.വ നമ്പർ കത്ത്
3. ശ്രീ.വിശാഖ് കോണത്ത്, ശ്രീ.രജി സി.ആർ എന്നിവർ യഥാക്രമം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 2077/2025, OA 2076/2025 എന്നിവയിന്മേലുള്ള 01/12/2025-ലെ ഉത്തരവ്

**ഉത്തരവ്**

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ വിജിലൻസ് വിഭാഗം ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ 10.09.2024-ന് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ.വിശാഖ് കോണത്ത്, ക്ലർക്കായിരുന്ന ശ്രീ.രജി സി.ആർ എന്നിവരുൾപ്പെടെയുള്ള 18 ഉദ്യോഗസ്ഥർ ഉത്തരവാദികളായി കണ്ടെത്തുകയും അവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ പരാമർശം (1) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ശിപാർശ ചെയ്യുകയും ചെയ്തിരുന്നു.

2)ഈ വിഷയം സർക്കാർ പരിശോധിച്ച് പരാമർശം (2) പ്രകാരം ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ജൂനിയർ സൂപ്രണ്ടുമാരായിരുന്ന ശ്രീമതി .സിൻസി കുര്യൻ , ശ്രീ.ദിലീപ് ചന്ദ്രൻ ആർ. ശ്രീ.വിശാഖ് കോണത്ത്, ശ്രീ.രതീഷ്. ആർ, ക്ലർ ക്കുമാരായിരുന്ന ശ്രീ. രജി സി.ആർ., ശ്രീമതി. ലിസി. പി. എന്നിവർക്കെതിരെ 1960-ലെ കെ.സി.എസ്. (സി.സി.&എ) ചട്ടം 15 പ്രകാരം

അച്ചടക്ക നടപടി സ്വീകരിച്ചു എത്രയും പെട്ടെന്ന് സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു.

3)വകുപ്പുതലത്തിൽ അച്ചടക്ക നടപടി ആരംഭിച്ചതിനെ തുടർന്ന് ശ്രീ. വിശാഖ് കോണത്ത്, ശ്രീമതി.രജി.സി.ആർ. എന്നിവർ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ യഥാക്രമം ഫയൽ ചെയ്ത OA 2077/2025, OA 2076/2025 എന്നിവയിന്മേൽ ബഹു. ട്രൈബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (3) ഉത്തരവ് പ്രകാരം Annexure A9, Annexure A4 നിവേദനങ്ങൾ പരിഗണിച്ച് (യഥാക്രമം ശ്രീ.വിശാഖ് കോണത്ത്, ശ്രീമതി. രജി.സി.ആർ. എന്നിവർ സർക്കാരിൽ സമർപ്പിച്ച നിവേദനങ്ങൾ) പ്രസ്തുത ഉത്തരവ് കൈപ്പറ്റി 3 മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിനോട് നിർദേശിച്ചിരുന്നു.

4)ചുമതലപ്പെടുത്തിയതിൻ പ്രകാരം പൊതു വിദ്യാഭ്യാസ (ഡിഎ) വകുപ്പ് അണ്ടർ സെക്രട്ടറി ശ്രീ.വിശാഖ് കോണത്ത്, ശ്രീമതി.രജി സി.ആർ, എന്നിവരെ 13/01/2026-ന് നേരിൽ കേട്ടു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പ്രതിനിധിയും പ്രസ്തുത ഹിയറിംഗിൽ പങ്കെടുത്തിരുന്നു. നേരിൽ കേൾക്കുന്ന വേളയിൽ ഹർജിക്കാർ താഴെപ്പറയുന്ന വാദഗതികൾ ഉന്നയിക്കുകയുണ്ടായി.

I) <u>ശ്രീ.വിശാഖ് കോണത്തിന്റെ വാദങ്ങൾ</u>

i) താൻ 23/12/2023 മുതൽ മാത്രമാണ് ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ കാര്യാലയത്തിൽ ജൂനിയർ സൂപ്രണ്ടായി ജോയിൻ ചെയ്യുന്നതും എയ്ഡഡ് സെക്ഷനിൽ ജോലിയിൽ പ്രവേശിക്കുന്നതും. ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ സാമ്പത്തിക ക്രയവിക്രയങ്ങൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നതിൽ അപാകത ചൂണ്ടിക്കാട്ടി ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിരുന്നു. മേൽ സൂചിപ്പിച്ച സാമ്പത്തിക ക്രമക്കേടുമായി എയ്ഡഡ് സെക്ഷന് യാതൊരു ബന്ധവുമില്ല. താൻ ജോയിൻ ചെയ്യുമ്പോൾ എയ്ഡഡ് സെക്ഷനിലെ ഇ ഫയൽ ഇൻബോക്സിൽ 185 ൽ അധികം ഫയലുകൾ പെൻഡിംഗ് ഉണ്ടായിരുന്നു. ആയതിലെല്ലാം തുടർ നടപടി സ്വീകരിക്കുകയും NIL ബാലൻസ് ആക്കുകയും ചെയ്തിരുന്നു.

ii) ടി ഓഫീസിൽ ജോയിൻ ചെയ്തു ഏഴ് ദിവസത്തിന് ശേഷം തനിക്ക് ഹൃദയ സംബന്ധമായി ആൻജിയോപ്ലാസ്റ്റി ചെയ്തത് കാരണം 2024 ജനുവരി 1 മുതൽ 45 ദിവസത്തേക്ക് 'സ്പെഷ്യൽ കാഷ്വൽ' അവധിയിൽ ആയിരുന്നു. മേൽ കാലയളവിൽ, ഗവൺമെന്റ് സെക്ഷൻ (A സെക്ഷൻ) ജൂനിയർ സൂപ്രണ്ടിന് അധിക ചുമതല നൽകിയിരുന്നുവെങ്കിലും ഏതാനും ഫയലുകളിൽ മാത്രമാണ് തുടർ നടപടി സ്വീകരിച്ചിരുന്നത്. എയ്ഡഡ് അദ്ധ്യാപക/അനദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട സമന്വയ 'സോഫ്റ്റ് വെയറിൽ' ഫയലുകൾ ഒന്നും തന്നെ കൈകാര്യം ചെയ്തിരുന്നില്ല. ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ കാര്യാലയത്തിൽ 2023 ഡിസംബർ മാസത്തിനു മുൻപ് തൻപതിവേട് പരിശോധനയൊന്നും ഇല്ലായിരുന്നു. അക്കാരണത്താൽ തന്നെ എയ്ഡഡ്

സെക്ഷനിൽ ഫയലുകൾ സമർപ്പിച്ചിരുന്നത് സമയബന്ധിതമായിട്ടല്ലായിരുന്നു. അദ്ധ്യാപക/അനദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട ഫയലുകൾ മാനേജ്മെന്റുകൾ സമർപ്പിച്ചിരുന്നുവെങ്കിലും സമന്വയ വഴി തുടർ നടപടികൾ സ്വീകരിച്ചിരുന്നില്ല. ആയതുമായി ബന്ധപ്പെട്ടു ക്ലാർക്കുമാർക്കു വേണ്ട നിർദ്ദേശങ്ങളും നൽകിയിരുന്നില്ല. കൂടാതെ രണ്ടു വർഷമായി തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടർ കാര്യാലയത്തിൽ നിന്നോ, പൊതു വിദ്യാഭ്യാസ കാര്യാലയത്തിൽ നിന്നോ **'O and M'** പരിശോധനയൊന്നും നടത്തിയിട്ടില്ലായിരുന്നു. ഈ സാഹചര്യത്തിലാണ് പൊതു വിദ്യാഭ്യാസ ഡയറക്ടർ കാര്യാലയത്തിലെ വിജിലൻസ് വിഭാഗത്തിൽ നിന്നും മിന്നൽ പരിശോധന നടന്നത്.

**iii)** ഡി ജി ഇ യുടെ മിന്നൽ പരിശോധനയെ തുടർന്നാണ് ഗവൺമെന്റ് സെക്ഷനിൽ നിലവിലുണ്ടായിരുന്നതും, മുൻപ് ഉണ്ടായിരുന്നതുമായ ഫയൽ കൈകാര്യം ചെയ്ത ക്ലാർക്കുമാരെയും ജൂനിയർ സൂപ്രണ്ടുമാരെയും സസ്പെൻഡ് ചെയ്തത്. കൃത്യമായ ഒരു ഓഫീസ് ഓർഡർ ആ ഓഫീസിൽ ഇല്ലായിരുന്നു. വീഴ്ചകൾ മനസ്സിലാക്കിയ താൻ കൃത്യമായി നിർദ്ദേശങ്ങൾ പി എ ടു ഡി ഇ ഒ യുടെ അനുമതിയോടെ രേഖാമൂലം ക്ലാർക്കുമാർക്കു നൽകിയിരുന്നു. സെക്ഷനിൽ നിയമിക്കപ്പെട്ട ക്ലാർക്കുമാർ [ബി 3 സെക്ഷൻ ഒഴികെ] മുൻപ് എയ്ഡഡ് വിഭാഗം കൈകാര്യം ചെയ്തു പരിചയം ഉള്ളവർ അല്ലായിരുന്നു. പി.എ ടു ഡി.ഇ.ഒ ആയിരുന്ന ശ്രീമതി.മഞ്ജു കൃത്യമായി ഒരു ഓഫീസ് ഓർഡർ നല്കിയത് ഡി ജി ഇ വിജിലൻസ് പരിശോധനയുടെ തലേദിവസം മാത്രമാണ്.

**iv)** എയ്ഡഡ് സെക്ഷനിൽ ജൂനിയർ സൂപ്രണ്ടായ തന്നെ സമയബന്ധിതമായി ഫയൽ കൈകാര്യം ചെയ്യുന്നില്ല എന്ന കാരണത്താൽ **03/10/2024** നു മലയോര മേഖലയിലെ കട്ടപ്പന ഡി ഇ ഒ യുടെ കാര്യാലയത്തിലേക്കു സ്ഥലം മാറ്റി. ഹൃദ്രോഗിയും ഭിന്നശേഷിക്കാരനായ കുട്ടിയുടെ പിതാവുമാണെന്നറിഞ്ഞിട്ടും നിലവിലെ ചട്ടങ്ങളെ മറികടന്നാണ് മേൽ നടപടി സ്വീകരിച്ചത്. അച്ചടക്ക നടപടി ആരംഭിക്കുന്നതിന്റെ ഭാഗമായി സ്ഥലം മാറ്റുന്നത് തെറ്റായ നടപടിയാണ്. കേരള സിവിൽ സർവീസ് (ക്ലാസ്സിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) റൂൾ-**1960** നു വിരുദ്ധമായാണ് നടപടി സ്വീകരിച്ചു ശിക്ഷിച്ചത്. സമന്വയ ഫയലുകളിൽ കാലതാമസം താൻ വരുത്തിയിട്ടുണ്ടോ എന്നത് ആയതിന്റെ **'movement'** പരിശോധിച്ചാൽ വ്യക്തമാവുന്നതാണ്. വ്യക്തമായി പരിശോധിച്ച് തന്റെ ഭാഗത്തു കാലതാമസം വന്നിട്ടുണ്ടോയെന്നു പരിശോധനയ്ക്കു വന്ന ഉദ്യോഗസ്ഥർ നോക്കിയിട്ടില്ല. തന്റെ കൈവശം ഉള്ള രേഖകൾ പരിശോധിക്കാനോ തന്നെ കേൾക്കാനോ തയ്യാറായില്ല.

**v)** ആൻജിയോപ്ലാസ്റ്റി കഴിഞ്ഞു ആകെ ഏഴര മാസമാണ് താൻ ആറ്റിങ്ങൽ ഡി ഇ ഒ യിൽ ജോലി ചെയ്തത്. മുൻകാലങ്ങളിൽ ജീവനക്കാർ ഫയലുകൾ സമയബന്ധിതമായി കൈകാര്യം ചെയ്യാതിരുന്നത് തന്റെ തെറ്റല്ല. തസ്തിക നിർണ്ണയം പൂർത്തിയാക്കിയിട്ടില്ല എന്നതാണ് മറ്റൊരു ആരോപണം. **29/9/2024**

നാണ് ഡി.ജി.ഇ യിൽ നിന്നുള്ള റിപ്പോർട്ട് സർക്കാരിലേക്ക് നൽകിയിട്ടുള്ളത്. തസ്തിക നിർണയത്തിന്റെ കാലാവധി 2024 ഒക്ടോബർ 31 വരെ നീട്ടിവെച്ചുകൊണ്ടുള്ള ഉത്തരവ് (ജി.ഒ (എം.എസ്) 120/2024-പൊ.വി. തീയതി 26/09/24) മറച്ചുവെച്ചുകൊണ്ടാണ് ഇക്കാര്യം സർക്കാരിൽ അറിയിച്ചത്. 29/9/2024 നു നൽകിയ റിപ്പോർട്ടിൽ എയ്ഡഡ് സെക്ഷനിലെ നിയമനങ്ങൾ സംബന്ധിച്ച അപാകതകൾക്കു കാരണക്കാരായ ഉദ്യോഗസ്ഥരിൽ ജൂനിയർ സൂപ്രണ്ടായ തന്നെ സ്ഥലം മാറ്റിയിട്ടുണ്ടെന്നാണ് സീനിയർ എ.ഒ അറിയിച്ചിട്ടുള്ളത്. അവസാനം ആ സെക്ഷനിൽ ചാർജെടുത്ത തന്നെ മുൻപ് ഇരുന്ന ജീവനക്കാർ സമയബന്ധിതമായി ജോലി ചെയ്യാത്തതിന്റെ കാര്യത്തിൽ കുറ്റക്കാരനായി കണ്ടെത്തി ബലിയാടാക്കിയിരിക്കുകയാണ്.

vi) എന്നാൽ കുറച്ചു നാളുകൾക്കു ശേഷം തനിക്കെതിരെ രണ്ടു പരാതികൾ ഉണ്ടെന്നു സൂചിപ്പിച്ചു വിഷയത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർ കാര്യാലയത്തിനു ഡിജി ഇ വിജിലൻസ് വിഭാഗത്തിൽ നിന്നും യു ഒ നോട്ട് നൽകുകയുണ്ടായി. നേരിൽ കേൾക്കുന്നതിനായി താൻ ഹാജരായി. പരാതിക്കാരിൽ ഒരാളും ഹാജരായിരുന്നു. ആറ്റിങ്ങൽ ഡി ഇ ഒ യുടെ സാന്നിധ്യത്തിൽ ആദ്യ പരാതി (കിളിമാനൂർ ആർ ആർ വി ജി എച്ച് എസ് എസ്സിലെ ശ്രീ.കിരണിന്റെ നിയമനംഗീകാരവുമായി ബന്ധപ്പെട്ടു] പരിശോധിക്കുകയും പരാതിയിൽ സൂചിപ്പിച്ചതുപോലെ തന്റെ കാലയളവിൽ കാലതാമസം വന്നിട്ടില്ല എന്ന് കണ്ടെത്തുകയും, ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ആ ദിവസം തന്നെ റിപ്പോർട്ട് നല്കുകയുമുണ്ടായി. എന്നാൽ ഇക്കാര്യം മറച്ചുവെച്ചുകൊണ്ടു 2021 ൽ ആരംഭിച്ച പ്രസ്തുത ഫയൽ സംബന്ധിച്ച റിപ്പോർട്ടാണ് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും സമർപ്പിച്ചത്. രണ്ടാമത്തെ പരാതി വ്യാജമാണെന്നും കണ്ടെത്തിയിരുന്നു.

vii) മേൽ വിഷയത്തിൽ തനിക്കെതിരെ മാത്രമാണ് നടപടി സ്വീകരിച്ചതെന്നും ശ്രീമതി.മഞ്ജുള, സെക്ഷൻ കൈകാര്യം ചെയ്ത മറ്റു ജീവനക്കാർ എന്നിവർക്കെതിരെ നടപടി സ്വീകരിച്ചില്ല. വ്യക്തിപരമായ കാരണങ്ങളാലാണ് തനിക്കെതിരെ നടപടി സ്വീകരിച്ചത്. PR നിർബന്ധമായി വേണം എന്ന് താൻ ആവശ്യപ്പെട്ടിരുന്നു.

viii) ഒരു ജീവനക്കാരനെന്ന നിലയിൽ താൻ കൃത്യമായാണ് ജോലികൾ നിർവഹിക്കുന്നത്. തന്റെ ഭാഗത്തു നിന്നും നാളിതുവരെ യാതൊരു വീഴ്ചയും വന്നിട്ടില്ല. ആയതു സംബന്ധിച്ചു ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ കാര്യാലയത്തിലെ പി.എ ടു ഡി.ഇ.ഒ സാക്ഷ്യപത്രം നൽകിയിട്ടുള്ളതാണ്. തെറ്റായൊരു നടപടിയുടെ ഭാഗമായി ഹൃദ്രോഗിയും, ഭിന്നശേഷിയുള്ള കുട്ടിയുടെ പിതാവുമായ തന്നെ അച്ചടക്ക നടപടി ആരംഭിക്കുന്നതിന്റെ ഭാഗമായി ചട്ട വിരുദ്ധമായി മലയോര മേഖലയിൽ ഉള്ള കട്ടപ്പന ഡി ഇ ഒ യിലേക്ക് സ്ഥലം മാറ്റി. തനിക്ക് ഇനി വരുന്ന കാലയളവിലെ

സ്ഥാനക്കയറ്റങ്ങളെയും ആനുകൂല്യങ്ങളെയും ഈ ആരോപണങ്ങൾ ബാധിക്കും. താൻ സമർപ്പിച്ചിട്ടുള്ള വാദങ്ങളുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ തുടർ നടപടികളിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

II) ശ്രീമതി രജി സി.ആർ.ന്റെ വാദങ്ങൾ

i) **05/06/2017** ന് പൊതു വിദ്യാഭ്യാസ വകുപ്പിൽ ക്ലർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. **24/08/2023** മുതൽ **30/09/2024** വരെ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സേവനം അനുഷ്ഠിച്ചു. **05/09/2023** മുതൽ **27/04/2024** വരെ എ1 (ക്യാഷ്) സെക്ഷനിലും **28/04/2024** മുതൽ എയ്ഡഡ് സെക്ഷനിലുമാണ് ജോലി ചെയ്തത്.

ii) **10/09/2024** ന് വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ, പരിശോധനാ ദിവസം ക്യാഷ് കൈകാര്യം ചെയ്തിരുന്ന ജീവനക്കാരെ ഒഴിവാക്കി, മുൻകാലത്ത് ക്യാഷ് സെക്ഷൻ കൈകാര്യം ചെയ്തിരുന്ന തന്നെയും ഉൾപ്പെടെ **7** പേരെ വിശദീകരണം ആവശ്യപ്പെടാതെ സസ്പെൻഡ് ചെയ്തു. **02/11/2024** ന് വേലവിലക്ക് പിൻവലിക്കുകയും **39** ദിവസത്തെ സസ്പെൻഷൻ കഴിഞ്ഞ് **08/11/2024** മുതൽ വീണ്ടും ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

iii) ഇതിനിടെ ആകെ **18** പേരെ ഉൾപ്പെടുത്തി നടപടികൾ സ്വീകരിച്ചപ്പോൾ, **8** പേരെ പൂർണ്ണമായും ഒഴിവാക്കിയിരുന്നു. **6** പേർക്കെതിരെ മാത്രമാണ് **KCS (CC&A) Rules** പ്രകാരം നടപടികൾ ആരംഭിച്ചത്. സസ്പെൻഷനിലായ ചിലരെ ചാർജ് മെമ്മോ നൽകാതെയും അന്വേഷണം നടത്താതെയും ഒഴിവാക്കിയിട്ടുണ്ട്. ഒരേ കാരണങ്ങൾ ചൂണ്ടിക്കാട്ടി സസ്പെൻഡ് ചെയ്തവരിൽ ചിലരെ ഒഴിവാക്കി ചിലർക്കെതിരെ മാത്രം നടപടി സ്വീകരിച്ചതിൽ സമത്വതത്വം ലംഘിക്കപ്പെട്ടിരിക്കുന്നു.

iv) തനിക്കെതിരെയുള്ള സസ്പെൻഷൻ ആരോപണങ്ങൾ ബാങ്ക് ബാലൻസ് വ്യത്യാസം, ക്യാഷ് ചെസ്റ്റിൽ **100** രൂപ അധികമായി കണ്ടെത്തി, **TSB** കണക്കുകൾ, സ്കോളർഷിപ്പ് വിതരണം വൈകിയത് തുടങ്ങിയവയാണ്.എന്നാൽ **01/04/2024** മുതൽ **10/09/2024** വരെയുള്ള കാലയളവാണ് പരിശോധിച്ചതെങ്കിൽ, **01/04/2024** മുതൽ **27/04/2024** വരെ **27** ദിവസം മാത്രമാണ് താൻ ക്യാഷ് സെക്ഷനിൽ ജോലി ചെയ്തത്. തുടർന്ന് ക്യാഷ് കൈകാര്യം ചെയ്തിരുന്ന ജീവനക്കാരെ തുടർ നടപടികളിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

vi) താൻ ചുമതലയേറ്റ സമയത്ത് തന്നെ ക്യാഷ് ബുക്കും ബാങ്ക് സ്റ്റേറ്റ്മെന്റും തമ്മിൽ വ്യത്യാസം നിലനിന്നിരുന്നു. മുൻകാലങ്ങളിൽ പിന്തുടർന്നിരുന്ന രീതിയിൽ മാസാവസാനം ക്യാഷ് അറ്റ് ബാങ്ക് മാറ്റാതെ രേഖപ്പെടുത്തിയതുമൂലമാണ് വ്യത്യാസം ഉണ്ടായത്. താൻ ചുമതലയിലുണ്ടായിരുന്ന കാലയളവിൽ എല്ലാ ട്രാൻസാക്ഷനുകളും കൃത്യമായി

രേഖപ്പെടുത്തിയതും വിശദമായ കണക്ക് സൂക്ഷിച്ചതുമാണ്.

**vii)** പരിശോധനാ തീയതിയിൽ ക്യാഷ് കൈകാര്യം ചെയ്തിരുന്ന ക്ലർക്ക് ശ്രീമതി സോണി, ക്യാഷ് ചെസ്റ്റിൻ്റെ അധികാരിയും ക്യാഷ് ബുക്കിൽ സാക്ഷ്യപ്പെടുത്തലുകൾ നടത്തിയതുമായ പി എ ടു ഡി ഇ ഒ ശ്രീമതി മഞ്ജുള.എം.എസ്, ബാങ്ക് അക്കൗണ്ടിന്റെ അധികാരിയായ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീമതി.ബിന്ദു.ആർ എന്നിവരെ ഒഴിവാക്കി ആറു മാസം മുൻപ് ക്യാഷ് സെക്ഷൻ കൈകാര്യം ചെയ്തിരുന്നതും പരിശോധനാ തീയതിയിൽ എയ്ഡഡ് സെക്ഷൻ ക്ലർക്കുമായിരുന്ന ടിയാൾ ഉൾപ്പെടെ 7 പേരെ ഒരേ കാരണത്താൽ സസ്പെൻഡ് ചെയ്യുകയും ചെയ്തതിൽ നടപടി ക്രമങ്ങൾ പാലിക്കാതെ തുടർ നടപടികളിൽ നിന്ന് പൂർണമായും ഒഴിവാക്കിയ ശ്രീ.ആനന്ദ്എൻ, ശ്രീ മെൽവിൻ ജോസഫ്, ശ്രീ.അരുൺ വി.എസ് എന്നിവർക്കെതിരെ ടിയാൾക്കെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളാണ് ഉന്നയിച്ചിരുന്നത് കുറഞ്ഞ കാലയളവിൽ ജോലിചെയ്തവർ എന്ന ഗണത്തിൽ ഉൾപ്പെടുത്തി തന്നേക്കാൾ കൂടുതൽ കാലം ക്യാഷ് സെക്ഷൻ കൈകാര്യം ചെയ്ത ശ്രീ രഞ്ജിത് ആർ എസ്. കൂടാതെ ബാങ്ക് സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ പരിഗണിച്ചാൽ സോണി.റ്റി ( ഒരു മാസത്തിൽ കൂടുതൽ), ആനന്ദ്(3 മാസത്തിൽ കൂടുതൽ) എന്നിവരെ തുടർ നടപടികളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും ടിയാൾ ബോധിപ്പിച്ചു. **01/4/2024** നു ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പൂർണ അധിക ചുമതലയിൽ പ്രവേശിച്ചെങ്കിലും ക്യാഷ് സെക്ഷൻ കൈകാര്യം ചെയ്ത **27/4/2024** വരെ ബാങ്ക് അക്കൗണ്ട് മാറ്റുന്നതിനുള്ള യാതൊരു നടപടികളും സ്വീകരിക്കാതെ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പൂർണ അധിക ചുമതലയിൽ **19/6/2024** വരെ തുടർന്ന ശ്രീ.പ്രദീപ് വി.എസ്., ശ്രീമതി മനു ബെൻ **(7/10/2021** മുതൽ **3/11/2022** വരെ), ശ്രീ.അനിൽ കുമാർ **(7/11/2022** മുതൽ **31/05/2023** വരെ )എന്നിവർക്കെതിരെയും നടപടി സ്വീകരിക്കപ്പെടേണ്ടതുണ്ടെന്നു ശ്രീമതി റെജി ബോധിപ്പിക്കുകയുണ്ടായി

**5)** ഈ വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പ്രതിനിധി താഴെപ്പറയും പ്രകാരം അറിയിച്ചിട്ടുണ്ട്.

**a)** **10/09/2024** ൽ നടത്തിയ പരിശോധനയിലെ പ്രധാന ശുപാർശകൾ ഇവയാണ്.

**i)** ക്യാഷ് ബുക്കിൽ ഭീമമായ തുക രേഖപ്പെടുത്താതെ വകുപ്പിനെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ ബാങ്കിൽ നിക്ഷേപമാക്കുകയും, ആയതിന്റെ തുക വേർതിരിച്ചു ക്രയവിക്രയങ്ങൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്താതെ സൂക്ഷിക്കുകയും ചെയ്ത നടപടി അത്യന്തം ഗുരുതരവും ചട്ട വിരുദ്ധവും, അച്ചടക്കനടപടി അനിവാര്യമുള്ളതുമായി ബോധ്യപ്പെടുന്നു. ആയതിനാൽ വീഴ്ച വരുത്തിയ എല്ലാ ഉദ്യോഗസ്ഥർക്കുമെതിരെ അച്ചടക്ക നടപടി ആരംഭിയ്ക്കാവുന്നതും, നിലവിൽ ഈ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന എല്ലാ ജീവനക്കാരെയും പ്രസ്തുത ചുമതലയിൽ നിന്നും ഒഴിവാക്കി ഈ വിഷയം

പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

ii) സ്കോളർഷിപ്പ് തുക ഇനത്തിൽ വിദ്യാർത്ഥികൾക്ക് (ഗുണഭോക്തക്കൾക്ക്) ലഭിക്കേണ്ട തുക നാളിതുവരെ മാറി നൽകാത്ത ജീവനക്കാർക്കെതിരെയും അച്ചടക്ക നടപടി ആരംഭിക്കാവുന്നതാണ്.

iii) ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ കണക്കിൽപ്പെടാതെയും, കണക്ക് കൃത്യമാക്കാതെയും സൂക്ഷിച്ചിരിക്കുന്ന തുക കണ്ടെത്തുന്നതിനും, ആയതിന്റെ ഇനം തിരിച്ചുള്ള സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതിനും തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലെ അക്കൗണ്ട്സ് ആഫീസറുടെ നേതൃത്വത്തിൽ ഒരു സംഘത്തെ നിയോഗിക്കുന്നതിനും, പ്രസ്തുത സംഘം ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനും നിർദ്ദേശം നൽകാവുന്നതുമാണ്.

iv) സമന്വയ ഫയലുകളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നില്ല. മാനേജർ സമന്വയ പോർട്ടൽ മുഖേന ഫയൽ സമർപ്പിച്ച് നിരവധി മാസങ്ങൾക്കുശേഷമാണ് ഫയലുകളിൽ നടപടികൾ സ്വീകരിക്കുന്നത്. ഇത് മൂലം ഫയലുകൾ തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നു എന്ന് ഫയൽ പരിശോധനയിൽ ബോധ്യപ്പെട്ടു. ബി സെക്ഷൻ സൂപ്രണ്ട് ശ്രീ. വിശാഖ് കോണത്തു ഫയലുകൾ പി.എ യ്ക്ക് സമർപ്പിക്കാതെ പലപ്പോഴും ഉത്തരവ് നൽകി തിരികെ സെക്ഷന് നൽകുന്ന പ്രവണതയുണ്ട്. ഇത് തികച്ചും ചട്ടലംഘനമാണ്.

v) **2024-25** വർഷത്തെ തസ്തിക നിർണ്ണയം പൂർത്തികരിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച സർക്കുലർ നിർദ്ദേശങ്ങൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഇതു വരെയും പൂർത്തികരിക്കാതിരുന്നത് ഗുരുതരമായ ചട്ടലംഘനമാണ്. ഇതിന് ഉത്തരവാദികളായ ബി സെക്ഷൻ ജൂനിയർ സൂപ്രണ്ടായ ശ്രീ.വിശാഖ് കോണത്ത് , പി എ ആയ ശ്രീ.ജോസ് പ്രകാശ്, ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീമതി ബിന്ദു ആർ എന്നിവരിൽ നിന്ന് തൃപ്തികരമായ വിശദീകരണം തേടാവുന്നതാണ്.

vi) ബി സെക്ഷനിലെ ഫയലുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് കെ.ഇ.ആർ ചട്ടങ്ങളെയും നിലവിലുള്ള സർക്കാർ ഭരണനിർവ്വഹണ ഉത്തരവുകളെ കുറിച്ചും ബോധ്യകുറവ് ഉള്ളതായി ഫയൽ പരിശോധനയിൽ ബോധ്യപ്പെട്ടു. ഇത് ഫയലുകളിൽ സമയബന്ധിതമായി തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം വരുത്തുന്നതായി കാണുന്നു. ആകായാൽ ബി സെക്ഷനുകളിൽ സീനിയർ ക്ലാർക്കുമാരെ നിയമിക്കുന്നതിനും അവർക്ക് കാലാകാലങ്ങളിൽ ടി വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**b)** മേൽ സൂചിപ്പിച്ച അപാകതകൾക്കു കാരണക്കാരായ ടി കാര്യാലയത്തിലെ ജീവനക്കാർക്കെതിരെ **1960** ലെ കെ.സി.എസ് (സി.സി&എ) ചട്ടം **15** പ്രകാരം അച്ചടക്കനടപടികൾ സർക്കാരിൽ നിന്നും, ഈ കാര്യാലയത്തിൽ നിന്നും സ്വീകരിച്ചു വരുന്നു.നോൺ ഗസറ്റഡ് തസ്തികയിലുള്ള ശ്രീ.വിശാഖ്

കോണത്ത്, ജൂനിയർ സൂപ്രണ്ട്, ശ്രീമതി റെജി സി ആർ ക്ലാർക്ക് എന്നിവർ ഉൾപ്പെടെയുള്ള ജീവനക്കാർക്കെതിരെ ഈ കാര്യാലയത്തിൽ നിന്നും അച്ചടക്കനടപടികൾ സ്വീകരിച്ചു വരുന്നു. ആയതിനെതിരെ ശ്രീ.വിശാഖ് കോണത്ത്, സൂപ്രണ്ട് ശ്രീമതി റെജി സി ആർ ക്ലാർക്ക് എന്നിവർ ബഹു. KAT മുൻപാകെ ഫയൽ ചെയ്ത O.A No.2076/2025, O.A No.2077/2025 എന്നിവയിന്മേലുള്ള 01/12/2025-ൽ പുറപ്പെടുവിച്ച വിധിന്യായം അനുസരിച്ച് തുടർ നടപടികൾ നിർത്തി വച്ചിരിക്കുകയാണ്.

c) ശ്രീ. വിശാഖ് കോണത്ത്, ജൂനിയർ സൂപ്രണ്ട്, ശ്രീമതി റെജി.സി ആർ, ക്ലാർക്ക് എന്നിവർക്കെതിരെ ചുമത്തപ്പെട്ട കുറ്റങ്ങളിൽ ചുവടെ സൂചിപ്പിക്കുന്ന വിവരങ്ങൾ അറിയിച്ചുകൊള്ളുന്നു.

(i) ശ്രീ.വിശാഖ് കോണത്ത്.

സമന്വയ ഫയലുകളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നില്ല. നിയമന ഫയലുകൾ അടിയന്തിര പ്രാധാന്യത്തോടെ നടപടി പൂർത്തിയാക്കേണ്ട വിഷയമാണ്. മാനേജർ സമന്വയ പോർട്ടൽ മുഖേന ഫയൽ സമർപ്പിച്ച് നിരവധി മാസങ്ങൾക്കു ശേഷമാണ് ഫയലുകളിൽ നടപടികൾ സ്വീകരിക്കുന്നത്. ഇത് മൂലം ഫയലുകൾ തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നു. മുൻ വർഷങ്ങളിലെ നിയമനങ്ങളിൽ പോലും സമയബന്ധിതമായി തീരുമാനമെടുക്കാതെ സൂക്ഷിച്ചിരിക്കുന്നു. മേലധികാരി എന്ന നിലയിൽ ഈ വിഷയത്തിൽ നടപടികൾ ഒന്നും സ്വീകരിച്ചില്ല. ഇപ്പോഴും ഈ ഫയലുകളിൽ യഥാവിധി അന്തിമ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല. ഇതുമൂലം ഫയലുകൾ തീർപ്പാക്കാതെ ജില്ല വിദ്യാഭ്യാസ ഓഫീസിൽ തീരുമാനമാകാതെ സൂക്ഷിക്കുകയും, ആയത് മൂലം അധ്യാപകർക്കും ജീവനക്കാർക്കും ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങൾക്ക് തടസ്സം സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു. നിയമന ഫയലുകൾ പി.എ ടു ഡി.ഇ.ഒ യ്ക്ക് സമർപ്പിക്കാതെ പലപ്പോഴും ഉത്തരവ് നൽകി തിരികെ സെക്ഷന് നൽകുന്ന പ്രവണതയുണ്ട്. 2024-25 വർഷത്തിലെ തസ്തിക നിർണ്ണയ ഉത്തരവുകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർ പൂർത്തികരിച്ചിട്ടില്ല. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 30.05.2024 തീയതിയിലെ ഡി.ജി.ഇ/7208/2024/എച്ച്2 സർക്കുലർ പ്രകാരം 2024-25 വർഷത്തിലെ തസ്തിക നിർണ്ണയം സമയബന്ധിതമായി 2024 ജൂലൈ 15 പ്രാബല്യത്തിൽ പൂർത്തികരിക്കാൻ നിർദ്ദേശം നൽകിയിരുന്നു. ആയത് നടപ്പിൽ വരുത്തിയിട്ടില്ല.

അഭിപ്രായം

ശ്രീ.വിശാഖ് കോണത്ത് സൂപ്രണ്ട് എന്ന നിലയിൽ തന്റെ ചുമതല നിർവഹിക്കുന്നതിൽ ഗുരുതരമായ കൃത്യവിലോപം നടത്തിയിട്ടുണ്ട്. നിയമന അംഗീകാരം സംബന്ധിച്ച ഫയലുകളിൽ തീരുമാനം കൈക്കൊള്ളാൻ താമസം

ഉണ്ടാകുന്നത് ഒരു ജില്ലാ വിദ്യാഭ്യാസ ആഫീസിന്റെ സുഗമമായ പ്രവർത്തനത്തെ തടസപ്പെടുത്തുന്നതാണ്. ഇത് വ്യാപകമായ പരാതികൾക്കും ഒപ്പം എയിഡഡ് സ്കൂളുകളിൽ നിയമിക്കപ്പെട്ട് ജോലി ചെയ്യുന്ന പല ജീവനക്കാർക്കും യഥാസമയം ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ താമസിക്കുന്നതിനും ഇടവരുത്തുന്നതാണ്. നിയമനം സംബന്ധിച്ച സമന്വയ സോഫ്റ്റ് വെയർ മുഖേന ലഭ്യമാകുന്ന നിയമന പ്രോപ്പോസലുകൾ തന്റെ മുകളിലുള്ള ഓഫീസർമാരായ പി.എ ടു ഡി.ഇ.ഒ, ഡി.ഇ.ഒ എന്നിവർക്കു സമർപ്പിക്കാതെ ഉത്തരവ് നൽകി തിരിച്ചു സെക്ഷന് തന്നെ നല്കുന്ന പ്രവണത ഫയലുകളിൽ കണ്ടെത്തിയിട്ടുണ്ട്. തന്റെ അധികാര പരിധിക്ക് പുറത്തുള്ള ഇത്തരം കാര്യങ്ങളിൽ തീരുമാനം കൈക്കൊണ്ടു എന്നത് കൃത്യവിലോപമായി കണക്കാക്കാവുന്നതാണ്. തസ്തിക നിർണയ ഉത്തരവുകൾ യഥാസമയം പൂർത്തീകരിക്കാൻ സൂപ്രണ്ട് എന്ന നിലയിൽ തന്നിൽ അർപ്പിക്കപ്പെട്ട ചുമതല നിറവേറ്റിയിട്ടില്ല. പക്ഷേ സർക്കാർ ഉത്തരവ് (കൈ) നമ്പർ 120/2024/പൊ.വി.വ തീയതി 26/09/2024 പ്രകാരം 2024-25 വർഷത്തെ തസ്തിക നിർണയ ഉത്തരവ് പുറപ്പെടുവിക്കാനുള്ള സമയം 31/10/2024 വരെ നീട്ടി നല്കിയിട്ടുള്ളതിനാൽ പ്രസ്തുത ചാർജ്ജ് ഒഴിവാക്കാവുന്നതാണ്.

(ii) ശ്രീമതി റെജി സി. ആർ

24/08/2023 മുതൽ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ക്ലാർക്കായി സേവനമനുഷ്ഠിച്ചിരുന്നു. ക്യാഷ് സെക്ഷനായ A1 വിഭാഗം ക്ലാർക്കായി 05/09/2023 മുതൽ 27/04/2024 വരെ ചുമതല വഹിച്ചിരുന്നു. ചട്ടങ്ങൾ അനുശാസിക്കുന്ന വിധത്തിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിരുന്നില്ല. വിവിധ ഇനങ്ങളിലായി ഓഫീസിൽ ലഭ്യമാകുന്ന തുകകൾ ബാങ്കിൽ നിക്ഷേപിച്ചിരുന്നു എങ്കിലും രേഖപ്പെടുത്തലുകൾ വരുത്തുകയോ ക്ലോസിങ് ബാലൻസ് കൃത്യമായി എല്ലാ ദിവസവും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്തിയിരുന്നില്ല. ദീർഘകാലമായി വിതരണം ചെയ്യാതെ സൂക്ഷിച്ചിരുന്ന തുകകൾ ഈ കാലയളവിലും നിലവിലുണ്ടായിരുന്നു. സർക്കാരിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും അടക്കേണ്ട തുക കൃത്യമായി തിട്ടപ്പെടുത്താതെ ഓഫീസിന്റെ പേരിൽ ഉണ്ടായിരുന്ന ബാങ്ക് അക്കൗണ്ടിൽ അനധികൃതമായി നിക്ഷേപിക്കുകയാണ് ചെയ്തിരുന്നത്. തുകകൾ വേർതിരിച്ചു കാണിക്കുകയോ എന്തിനത്തിൽ ലഭ്യമായ തുകയാണ് നിലവിലുള്ളത് എന്നോ, എന്നു മുതൽ നിലവിലുള്ള തുകയാണെന്നോ കണ്ടെത്താതെ യാതൊരു മാനദണ്ഡവും പാലിക്കാതെ ആവശ്യമായ യാതൊരു രേഖപ്പെടുത്തലുകളും വരുത്താതെ നിക്ഷേപിക്കുക വഴി തുകകൾ അനിയന്ത്രിതമായി നിക്ഷേപിക്കപ്പെടുകയും, ഓഫീസിലെ സാമ്പത്തിക ക്രയവിക്രയങ്ങൾ രേഖപ്പെടുത്തുന്നത് കൂടുതൽ സങ്കീർണ്ണം ആവുകയും ചെയ്തു.

<u>അഭിപ്രായം</u>

ആറ്റിങ്ങൽ എസ്.ബി.ഐ യിൽ ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ പേരിൽ **57034976967** എന്ന നമ്പറിൽ ഒരു സേവിംഗ് അക്കൗണ്ട് പരിപാലിച്ചു വരുന്നുണ്ട്. പ്രസ്തുത അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം **01/04/2024** മുതൽ **09/09/2024** വരെയുള്ള ക്ലോസിംഗ് ബാലൻസ് കാണിച്ചിരിക്കുന്ന തുക **26,95,015.88/-** രൂപയാണ്. ആതായത് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന **Cash at bank** തുകയിൽ നിന്നും **9,48,152.88/-** രൂപ ബാങ്കിൽ അധികമുള്ളതായി കാണുന്നു. പ്രസ്തുത തുക ഏത് വിധത്തിൽ ലഭ്യമായതാണെന്നോ, ഏത് വിധത്തിൽ ഉൾപ്പെടുത്തി തിരിച്ചടക്കേണ്ടതാണെന്നോ വ്യക്തമാക്കുന്നതിന് അന്നത്തെ സെക്ഷൻ ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് പി.എ ടു ഡി ഇ ഒ എന്നീ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർക്ക് കഴിഞ്ഞിട്ടില്ല. ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ **1,93,224/-** രൂപ ബാലൻസ് ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെയും വേർതിരിച്ചുള്ള കണക്കുകൾ ഒന്നും തന്നെ ലഭ്യമല്ല. ജീവനക്കാരുടെ ശമ്പളം മാറി നൽകിയ തുകകളിൽ **2024** ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ തുകകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. **2024** ആഗസ്റ്റിലെ തുക വിട്ടുപോയ രേഖപ്പെടുത്തലുകൾ എന്ന വിധത്തിൽ പിന്നീട് രേഖപ്പെടുത്തിയിട്ടുണ്ട്.

ശ്രീമതി റെജി സി ആർ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ആഫീസിൽ ക്യാഷ് വിഭാഗം കൈകാര്യം ചെയ്ത ഉദ്യോഗസ്ഥയാണ്. ടി കാലയളവിൽ ക്യാഷ് ബുക്ക് യഥാവിധി പരിപാലിക്കാതെ ഇനം തിരിച്ചുള്ള ബാലൻസ് തുകയുടെ രേഖപ്പെടുത്തലുകൾ നടത്തി ക്യാഷ് ബുക്ക് സൂക്ഷിക്കാൻ ടിയാളുടെ ഭാഗത്ത് നിന്നു നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത്തരത്തിൽ ലഭ്യമാകുന്ന തുകകൾ മേൽ അക്കൗണ്ടിൽ നിക്ഷേപിച്ചു, ഇനം തിരിച്ചുള്ള ബാലൻസ് കണ്ടെത്തുന്നത് കൂടുതൽ ബുദ്ധിമുട്ടുള്ളതാക്കി തീർത്തു എന്നത് ശ്രീമതി റെജി സി ആർ ന്റെ ഭാഗത്ത് നിന്നുണ്ടായ കൃത്യവിലോപമായി കണക്കാക്കാവുന്നതാണ്. കൂടാതെ ടിയാരിയുടെ സേവന കാലത്തിലും ക്യാഷ് ബുക്കിലെ ദൈനംദിന രേഖപ്പെടുത്തലുകൾ കൃത്യമായി നടത്തിയിരുന്നില്ല എന്നും കണ്ടെത്തിയിട്ടുണ്ട്.

ശ്രീ.വിശാഖ് കോണത്ത്, ജൂനിയർ സൂപ്രണ്ട്, ശ്രീമതി റെജി സി ആർ ക്ലാർക്ക് എന്നിവർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് എതിരെ **1960**-ലെ കെ.സി.എസ് (സി.സി&എ) ചട്ടം **15** പ്രകാരം ഈ കാര്യാലയത്തിൽ നിന്നും അച്ചടക്കനടപടി സ്വീകരിച്ചു വരികയാണ്. **29/11/2025** ലെ ഇതേ നമ്പർ കത്ത് പ്രകാരം ടി ജീവനക്കാർക്കു കുറ്റപത്രം, കുറ്റാരോപണ മെമ്മോ എന്നിവ നല്കിയിട്ടുണ്ട്.

6) മേൽ വിഷയം ശ്രീ വിശാഖ് കോണത്തിന്റെയും ശ്രീമതി റെജിയുടെയും

വാദഗതികൾ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അഭിപ്രായം എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

7) സമന്വയ ഫയലുകളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നില്ല, നിയമന ഫയലുകൾ പി.എ ടു ഡി.ഇ.ഒക്ക് സമർപ്പിക്കാതെ പലപ്പോഴും ഉത്തരവ് നൽകി തിരികെ സെക്ഷന് നൽകുന്നു, 2024-25 വർഷത്തെ തസ്തിക നിർണയ ഉത്തരവുകൾ യഥാസമയം പൂർത്തീകരിക്കുന്നതിന് ഒരു സൂപ്രണ്ട് എന്ന നിലയിൽ ചുമതല നിറവേറ്റിയില്ല എന്നിവയാണ് ശ്രീ.വിശാഖ് കോണത്തിനെതിരെ ആരോപിച്ചിരുന്ന കുറ്റകൃത്യങ്ങൾ

8) ആയതിൽ 2024-25 വർഷത്തെ തസ്തിക നിർണയ ഉത്തരവുകൾ യഥാസമയം പൂർത്തീകരിക്കുന്നതിന് ഒരു സൂപ്രണ്ട് എന്ന നിലയിൽ ചുമതല നിറവേറ്റിയില്ല എന്നചാർജ് സ.ഉ(കൈ) നമ്പർ 120/2024/പൊ.വി.വ തീയതി 26/09/2024 പ്രകാരം 2024-25 വർഷത്തെ തസ്തിക നിർണയ ഉത്തരവ് പുറപ്പെടുവിക്കാനുള്ള സമയം 31/10/2024 വരെ നീട്ടി നല്കിയിട്ടുള്ളതിനാൽ ഒഴിവാക്കാവുന്നതാണ് എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.ആയത് അംഗീകരിക്കാവുന്നതാണ്.

9) സമന്വയ ഫയലുകളിൽ കാലതാമസം ടിയാൻ വരുത്തിയിട്ടുണ്ടോ എന്നത് ആയതിന്റെ 'movement' പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതുണ്ട്. നിയമന ഫയലുകൾ പി.എ ടു ഡി.ഇ.ഒക്ക് സമർപ്പിക്കാതെ പലപ്പോഴും ഉത്തരവ് നൽകി തിരികെ സെക്ഷന് നൽകുന്നു എന്നതിന് ടിയാൻ തൃപ്തികരമായ മറുപടി ബോധിപ്പിക്കുകയുണ്ടായില്ല. ഈ രണ്ടു വിഷയങ്ങളിലും ശ്രീ വിശാഖ് കോണത്തിനെതിരായ അച്ചടക്ക നടപടി തുടരാവുന്നതാണ്.

10) 24/06/2023 മുതൽ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ക്ലർക്കായി ജോലി ചെയ്തിരുന്ന ശ്രീമതി രജി സി.ആർ 05/09/2023 മുതൽ 27/04/2024 വരെ ക്യാഷ് സെക്ഷന്റെ ചുമതല വഹിച്ചിരുന്നു ചുവടെ ചേർത്തിരിക്കുന്ന കുറ്റങ്ങളാണ് ടിയാളുടെ പേരിൽ ചുമത്തപ്പെട്ടിട്ടുള്ളത്

"ചട്ടങ്ങൾ അനുശാസിക്കുന്ന വിധത്തിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിരുന്നില്ല, വിവിധ ഇനങ്ങളിലായി ഓഫീസിൽ ലഭ്യമാകുന്ന തുകകൾ ബാങ്കിൽ നിക്ഷേപിച്ചിരുന്നു എങ്കിലും രേഖപ്പെടുത്തലുകൾ വരുത്തുകയോ ക്ലോസിങ് ബാലൻസ് കൃത്യമായി എല്ലാ ദിവസവും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്തിയിരുന്നില്ല, ദീർഘകാലമായി വിതരണം ചെയ്യാതെ സൂക്ഷിച്ചിരുന്ന തുകകൾ ടി കാലയളവിലും നിലവിലുണ്ടായിരുന്നു. സർക്കാരിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും അടക്കേണ്ട തുക കൃത്യമായി തിട്ടപ്പെടുത്താതെ ഓഫീസിൻറെ പേരിൽ ഉണ്ടായിരുന്ന ബാങ്ക് അക്കൗണ്ട് അനധികൃതമായി നിക്ഷേപിക്കുകയാണ് ചെയ്തിരുന്നത്, തുകകൾ വേർതിരിച്ചു കാണിക്കുകയോ ഏതിനത്തിൽ ലഭ്യമായ തുകയാണ് നിലവിലുള്ളത് എന്നോ എന്നുമുതൽ നിലവിലുള്ള

തുകയാണെന്നോ കണ്ടെത്താതെ യാതൊരു മാനദണ്ഡവും പാലിക്കാതെ ആവശ്യമായ യാതൊരു രേഖപ്പെടുത്തലുകളും വരുത്താതെ നിക്ഷേപിക്കുക വഴി തുകകൾ അനിയന്ത്രിതമായി നിക്ഷേപിക്കപ്പെടുകയും ഓഫീസിലെ സാമ്പത്തിക ക്രയവിക്രയങ്ങൾ രേഖപ്പെടുത്തുന്നത് കൂടുതൽ സങ്കീർണ്ണം ആവുകയും ചെയ്തു.

**11)** ഈ വിഷയത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ അഭിപ്രായം പ്രകാരം ശ്രീമതി റെജി സി. ആർ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ആഫീസിൽ ക്യാഷ് വിഭാഗം കൈകാര്യം ചെയ്ത കാലയളവിൽ ക്യാഷ് ബുക്ക് യഥാവിധി പരിപാലിക്കാതെ ഇനം തിരിച്ചുള്ള ബാലൻസ് തുകയുടെ രേഖപ്പെടുത്തലുകൾ നടത്തി ക്യാഷ് ബുക്ക് സൂക്ഷിക്കാൻ ടിയാരിയുടെ ഭാഗത്ത് നിന്നു നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത്തരത്തിൽ ലഭ്യമാകുന്ന തുകകൾ മേൽ അക്കൗണ്ടിൽ നിക്ഷേപിച്ചു, ഇനം തിരിച്ചുള്ള ബാലൻസ് കണ്ടെത്തുന്നത് കൂടുതൽ ബുദ്ധിമുട്ടുള്ളതാക്കി തീർത്തു എന്നത് ശ്രീമതി റെജി സി.ആർ-ന്റെ നിന്നുണ്ടായ കൃത്യവിലോപമായി കണക്കാക്കാവുന്നതാണ്. കൂടാതെ ക്യാഷ് ബുക്കിലെ ദൈനംദിന രേഖപ്പെടുത്തലുകൾ കൃത്യമായി നടത്തിയിരുന്നില്ല എന്നും കണ്ടെത്തിയിട്ടുണ്ട്.

**12)** ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ പരിശോധനാ വിധേയമായ കാലയളവിൽ താൻ **27** ദിവസങ്ങൾ മാത്രമേ ക്യാഷ് സെക്ഷനിൽ ജോലി ചെയ്തിട്ടുള്ളൂ എന്നും **28/04/2024** മുതൽ **30/09/2024** വരെ എയ്ഡഡ് സെക്ഷനിലാണ് ജോലി ചെയ്തിരുന്നത് ആയതിനാൽ തന്നെ ഒഴിവാക്കണം എന്ന് ശ്രീമതി റെജി ഹിയറിംഗ് വേളയിൽ ബോധിപ്പിക്കുകയുണ്ടായി.കൂടാതെ പരിശോധനാ തീയതിക്കു കേവലം രണ്ട് ആഴ്ച മുൻപ് മാത്രമാണ് ബിംസ്ൽ സ്കോളർഷിപ് ഇനത്തിൽ അലോട്ട്മെൻറ് ലഭ്യമായതെന്നും അലോട്ട്മെൻറ് ലഭ്യമായ തീയതി പോലും വിജിലൻസ് വിഭാഗത്തിൻ്റെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ലെന്നും ടിയാൾ ബോധിപ്പിച്ചു

**13)** പരിശോധനാ കാലയളവിൽ ശ്രീമതി റെജി **01/04/2024** മുതൽ **27/04/2024** വരെ **27** ദിവസം മാത്രമേ ക്യാഷ് സെക്ഷൻ കൈകാര്യം ചെയ്തിരുന്നുള്ളു എങ്കിലും **05/09/2023** മുതൽ **27/04/2024** വരെ തുടർച്ചയായി ക്യാഷ് സെക്ഷന്റെ ചുമതല വഹിച്ചിരുന്നത് ടിയാൾ തന്നെയായിരുന്നു എന്നതിനാൽതന്നെ ടിയാൾക്ക് പ്രസ്തുത ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിഞ്ഞുമാറാനാകില്ല. ആയതിനാൽ ടിയാൾക്കെതിരായ അച്ചടക്ക നടപടി തുടരാവുന്നതാണ്.

**14)** ഈ വിഷയത്തിൽ ഗസറ്റഡ് ജീവനക്കാർക്കെതിരെ സർക്കാർ തലത്തിലും നോൺ ഗസറ്റഡ് ജീവനക്കാർക്കെതിരെ വകുപ്പു തലത്തിലും അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് തീരുമാനമെടുത്തത് വിഷയത്തിൽ ഉൾപ്പെട്ട ജീവനക്കാരുടെ ബാഹുല്യം കാരണവും കാലതാമസം ഒഴിവാക്കുന്നതിനുമാണ്.

15) മേൽ സാഹചര്യത്തിൽ, അച്ചടക്ക നടപടിക്ക് ഏകീകൃത സ്വഭാവം നിലനിർത്തുന്നതിലേക്കായി സർക്കാർ തലത്തിൽ ഔപചാരിക അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥൻ (ADPI General) തന്നെ വകുപ്പ് തലത്തിൽ സ്വീകരിച്ചു വരുന്ന അച്ചടക്ക നടപടികളുടെ ഭാഗമായ ഔപചാരിക അന്വേഷണം നടത്തേണ്ടതാണെന്നു നിഷ്കർഷിച്ചുകൊണ്ടും, ശ്രീമതി റെജി, ശ്രീ വിശാഖ് കോണത്ത് എന്നിവരുടെ ഹർജിയിൽ ഉന്നയിച്ച ആരോപണങ്ങൾ ഔപചാരിക അന്വേഷണ ഘട്ടത്തിൽ പരിശോധിക്കുന്നതിന് അന്വേഷണ ഉദ്യോഗസ്ഥനായ (ADPI General) ന് നിർദ്ദേശം നൽകികൊണ്ടും പരാമർശം (3) ലെ ഉത്തരവ് അപ്രകാരം പാലിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ(ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.വിശാഖ് കോണത്ത്(പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ശ്രീമതി രജി സി.ആർ (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്&ന്യൂ മീഡിയ) ഓഫീസ് കോപ്പി
(ഡി.എ1/179/2025/ പൊ.വി.വ.)

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
സെക്ഷൻ ഓഫീസർ
Date: 30-03-2026 11:03:24

പകർപ്പ്:-ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ.യ്ക്ക്